# VEEKSHANAM NEWS PAPER 28TH OCTOBER 2014



# ആസൂത്രണ ബോർഡ് നിർത്തലാക്കില്ല: മന്ത്രി കെ.സി.ജോസഫ്

**സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലക്കു വേണ്ടി തയ്യാറാക്കിയ ഭൂവിഭവ വിവര സംവിധാനത്തിന്റെ ഉദ്ഘാടനം തൃശൂരിൽ മന്ത്രി കെ.സി.ജോസഫ് നിർവഹിച്ചു.**

തൃശൂർ: പ്രാദേശിക വിഭവങ്ങളേയും ആവശ്യങ്ങളേയും കണ്ടറിഞ്ഞുള്ള ആസൂത്രിത വികസനത്തിന് ഇന്നും പ്രസക്തിയുണ്ടെന്നും ഈ സാഹചര്യത്തിൽ ആസൂത്രണ ബോർഡ് നിർത്തലാക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നും ആസൂത്രണ - ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലക്കു വേണ്ടി തയ്യാറാക്കിയ ഭൂ വിഭവ വിവര സംവിധാനത്തിന്റെ ഉദ്ഘാടനം തൃശൂർ ഹോട്ടൽ പേൾ റീജൻസിയിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ദേശിയതലത്തിൽ ആസൂത്രണ കമ്മീഷൻ നിർത്തലാക്കാനുള്ള നീക്കം വികസന മേഖലയിൽ ആശയക്കുഴപ്പമുണ്ടാക്കിയിട്ടുണ്ട്.

വികസനത്തേ സംബന്ധിച്ചിടത്തോളം അടിസ്ഥാന വിവരങ്ങൾ ഏറ്റവും നിർണായകമാണ്. ഭൂ വിനിയോഗ ബോർഡിന്റെ പുതിയ സംരംഭം പ്രാദേശിക വികസനത്തിൽ വലിയൊരു കുതിച്ചു ചാട്ടത്തിനു തന്നെ വഴി തുറക്കുമെന്നും മന്ത്രി പറഞ്ഞു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് അടുത്തുതന്നെ തുടക്കം കുറിക്കുമ്പോഴേക്കും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭൂവിഭവ വിവര സംവിധാനം നിലവിൽ വരും . ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സൗകര്യം നൽകുന്നതിനു വേണ്ടിയാണ് പഞ്ചവത്സര പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കൂടി ബാധകമാക്കിയ തെന്ന് മന്ത്രി പറഞ്ഞു.

ചടങ്ങിൽ തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ അധ്യക്ഷനായിരുന്നു. ജില്ലാ പഞ്ചായ ത്ത് വൈസ് പ്രസിഡന്റ് ലീല സുബ്രഹ്മണ്യൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡ ന്റ് കെ. ദിലീപ്കുമാർ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി രാജേന്ദ്രൻ അരങ്ങത്ത്, ഭൂ വിനിയോഗ കമ്മീഷണർ ജോസ് ഐസക് തുടങ്ങിയവർ പങ്കെടുത്തു.

പരിപാടിയോടനുബന്ധിച്ച് ആസൂത്രകർ, ഭരണകർത്താക്കൾ, തദ്ദേശ ഭരണ മേധാവികൾ, ശാസ്ത്രജ്ഞർ, വികസന വകുപ്പുകളിലെ സാങ്കേതിക വിദഗ്ധർ എന്നിവർക്കായി ഭീവിനിയോ ഗാസുത്രണം ചെയ്യുന്ന തിലെ പുതിയ സാധ്യതകളെ ക്കുറിച്ചുള്ള ശിൽപശാലയും സംഘടിപ്പിച്ചിരുന്നു. കേന്ദ്ര കൃഷിവകുപ്പിന്റ കീഴിലുള്ള സോയിൽ ആന്റ് ലാൻഡ് യൂസ് സർവ്വെ ഓഫ് ഇന്ത്യ തയ്യാറാക്കിയ ജില്ലയുടെ മണ്ണ് പര്യവേഷണ റിപ്പോർട്ടിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു. ജില്ലയിലെ പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച് ലഭ്യമായിട്ടുള്ള വിവരങ്ങളെ ഭൂ വിവര സംവിധാനത്തിന്റെ സഹായത്തോടെ സ്ഥലപരമായ ചട്ടക്കൂട്ടിൽ ഇന്റർനെറ്റിലൂടെ ലഭ്യമാകുന്ന പദ്ധതിയാണ് ഭൂ വിഭവ വിവര സംവിധാനം.

കൃഷി, ഭൂപ്രകൃതി , പ്രകൃതി വിഭവങ്ങൾ , മൺതരങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ വിവരങ്ങൾ ഇതുവഴി ഇന്റർ നെറ്റിൽ ലഭ്യമാകും.

റോഡുകൾ , പാലങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, വനം, കുന്നുകൾ തുടങ്ങിയവ ഉൾപ്പെടെ ഓരോ പ്രദേശത്തിന്റെയും സമഗ്രഘടന വെളിപ്പെടുത്തുന്ന ദ്വിമാന മാപ്പുകളും സൈറ്റിൽ ലഭിക്കും.



ഭൂ വിഭവ വിവര സംവിധാനത്തിന്റെ ഉദ്ഘാടനം തൃശൂർ ഹോട്ടൽ പേൾ റീജൻസിയിൽ മന്ത്രി കെ.സി.ജോസഫ് നിർവഹിച്ചപ്പോൾ. തേറമ്പിൽ രാമകൃഷ്ണൻ എംഎൽഎ സമീപം

The official release of Report on Soil Resource mapping of Thrissur district prepared by Soil and Land Use Survey of India, Ministry of Agriculture was also done during the function

Sri.K.C.Joseph, Minister for Planning, Rural Development & NORKA, Kerala State, Releasing Report on Soil Resource Mapping of Thrissur district by handing over to Sri. R.L.Meena, SSO, SLUSI, Bangalore